പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രാഥമിക വിജ്ഞാപനത്തിൻ മേലുള്ള മിനിമം വേതന ഉപദേശക സമിതിയുടെ അഭിപ്രായങ്ങൾ അടിസ്ഥാനമാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല. പരിഗണിക്കാം

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വികരിച്ചു വരുന്നത്. താഴെപ്പറയുന്ന മേഖലകളിലാണ്.

1. പവർലൂം വ്യവസായം
2. ടിംബർ പ്ലൈവുഡ് വ്യവസായം
3. അലുമിനിയം - ടിൻ ഉല്പന്ന നിർമ്മാണം
4. മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ
5. ആയുർവേദ - അലോപതി മരുന്നു നിർമ്മാണം
6. കൊപ്രാ വ്യവസായം
7. കള്ളുചെത്ത് മേഖല
8. ബീഡി-സിഗാർ വ്യവസായം
9. ഓടു വ്യവസായം
10. വനം മേഖല
11. പ്രിന്റിംഗ് പ്രസ്സുകൾ
12. സ്വകാര്യ ആശുപത്രികൾ
13. കല്ലുടയ്ക്കൽ, പാറപൊട്ടിക്കൽ, റോഡ് നിർമ്മാണം
14. കുട നിർമ്മാണവും വില്പനയും

ആലപ്പുഴ, പത്തനംതിട്ട ജില്ലയിലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ താൽകാലിക നിയമനങ്ങൾ

80 (245) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ആലപ്പുഴ, പത്തനംതിട്ട, ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേരെ താൽകാലികമായി നിയമിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ;

(സി) നിയമനങ്ങൾക്ക് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചത് ;

(ഡി) പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ചിരുന്നുവോ ;

(ഇ) ഇല്ലെങ്കിൽ എങ്ങനെയാണ് അപേക്ഷ സ്വീകരിച്ചത് ;

(എഫ്) നിയമനം നല്കിയവരുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ ;

(ജി) നിലവിലുള്ള മാനദണ്ഡം പാലിച്ചാണോ നിയമനം നടത്തിയത്; ഇല്ലെങ്കിൽ ഇവരെ പിരിച്ചു വിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 6 പേരെയും പത്തനംതിട്ട ജില്ലയിൽ 22 പേരെയും നിയമിച്ചിട്ടുണ്ട്.

(ബി,സി,ഡി&ഇ) കേരള മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിരിക്കുകയാണ്. നിയമന ചട്ടങ്ങൾ പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പി.എസ്.സി വഴിയുള്ള നിയമനം നടത്തിയിട്ടില്ല. സർക്കാർ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ബോർഡിലെ ഭൂരിപക്ഷം തസ്തികകളും നികത്തിയിട്ടുള്ളത്. ഡെപ്യൂട്ടേഷൻ വഴി ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 6 മാസത്തേക്ക് നയമനം നടത്തുകയാണ് പതിവ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അപേക്ഷകരുടെ ലിസ്റ്റ് ലഭിക്കുന്നതു വരെയുള്ള കാലപരിധിയിൽ ദിവസകൂലിയിനത്തിൽ നിയമനം നടത്തുകയും ഡെപ്യൂട്ടേഷൻ വഴിയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഉദ്യോഗാർത്ഥികളെ ലഭ്യമായാൽ ഉടൻ ദിവസകൂലിക്കാരെ പിരിച്ചു വിടുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് സംവരണ തത്വം പാലിച്ചിട്ടുണ്ട്. ദിവസകൂലിയിനത്തിൽ നിയമനം നടത്തുന്നതിന് പത്രപരസ്യം നല്കാറില്ല. അതാത് ആഫിസുകളിലെ നോട്ടീസ് ബോർഡിൽ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രസിദ്ധീകരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമിക്കുകയാണ് പതിവ്.

(എഫ്) മുൻകാലങ്ങളിൽ നിയമനം നേടിയവരും പിന്നീട് പിരിച്ചുവിട്ടവരുമായ താല്കാലിക ജീവനക്കാരുടെ പേരും വിലാസവും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ജി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിച്ചാൽ ദിവസ കൂലിയിനത്തിൽ ജോലി ചെയ്തുവരുന്നവരെ പിരിച്ചുവിട്ട് പ്രസ്തുത ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിയമനം നല്കും. ബോർഡിലെ

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകൾ സ്ഥിരമായി നികത്തപ്പെടുന്നതുവരെ നിലവിലുള്ള മാനദണ്ഡം പാലിച്ചു മാത്രമേ നിയമനം നടത്തുകയുള്ളൂ. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.

കറന്റ് ഉല്പാദനം

81 (246) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ എത്ര മെഗാവാട്ട് കറന്റ് കൂടുതൽ ഉല്പാദിപ്പിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പദ്ധതികളിൽ എത്ര മെഗാവാട്ട് കറന്റ് കൂടുതൽ ഉല്പാദിപ്പിച്ചു?

ഉത്തരം

(എ) & (ബി) 876.1 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധിപ്പിച്ചു.

പേപ്പാറ	-	3 മെഗാവാട്ട്
ലോവർ പെരിയാർ	-	180 മെഗാവാട്ട്
ബ്രഹ്മപുരം താപനിലയം	-	106.6 "
മാട്ടുപ്പെട്ടി	-	2 "
പെരിങ്ങൽ ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ	-	16 "
എൻ.ടി.പി.സി. കായംകുളം	-	350 "
ബി.എസ്.ഇ.എസ്.കൊച്ചി	-	40.5 "
കക്കാട് ജലവൈദ്യുത പദ്ധതി	-	50 "
കോഴിക്കോട് താപ നിലയം	-	120 "
ആകെ		876.1 മെഗാവാട്ട്

വൈദ്യുതിയുടെ അധിക ഉല്പാദനം

82 (247) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചു; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമായി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

7. ആഗോള ഗ്രാമത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കേരളത്തിലെ വിദഗ്ദ്ധ തൊഴിലാളികളെ മറ്റ് രാജ്യങ്ങളിലേക്ക് അയയ്ക്കാനും വിദേശ രാജ്യങ്ങളിൽ സംയുക്തമേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനും എംബസികളുമായി സഹകരിച്ച് ഒഡോപെക് കർമ്മ പദ്ധതി നടപ്പാക്കുക.

8. വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുക.

9. വിവിധ വകുപ്പുകളെയും, തൊഴിലാളി യൂണിയനുകളെയും, സന്നദ്ധ സംഘടനകളെയും സഹകരിച്ച് തൊഴിലാളികൾക്കിടയിൽ വിശപ്പിൽ നിന്ന് വിമോചനം (Freedom from Human) പദ്ധതി നടപ്പിലാക്കുക.

10. പൂട്ടിയിട്ട തൊഴിൽ ശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

അനുബന്ധം XI

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 80 (245) ന്റെ 'എഫ്' ഉത്തരം ദവയായി കാണുക]

ആലപ്പുഴ

1. എലിസബത്ത് ബനഡിക്ട്, മനയിൽ ഹൗസ്, പട സൗത്ത്, കരുനാഗപ്പള്ളി പി.ഒ., കൊല്ലം.

2. ചന്ദ്രമണി.ജെ. കരിപ്പുത്തറ ഹൗസ്, താമല്ലാക്കൽ തെക്ക്, കാട്ടിൽ മാർക്കറ്റ് പി.ഒ., ഹരിപ്പാട്.

3. ഐറീനാ .റ്റി.ജി., ഗോകുലം, കോട്ടക്കുപുറം, ക്ലാപ്പന പി.ഒ., വളളിക്കാവ്

4. മിനി.എം., ബിജു മന്ദിരം, കോട്ടക്കകം, മുട്ടം പി.ഒ., ഹരിപ്പാട്.

5. സി. കുഞ്ഞുമോൾ, മരപ്പുറത്ത്, റജിഭവൻ, കുമാരപുരം പി.ഒ., ഹരിപ്പാട്.

6. മനോജ്. സി., മഠശ്ശേരിൽ, ആയാപ്പറമ്പ് പി.ഒ., ചെറുതന, ഹരിപ്പാട്.

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട

1. റ്റി.പി. കുഞ്ഞുമോൾ, മഠപ്പുറത്ത് വീട്, തിരുവല്ല.
2. കെ. പൊന്നമ്മ, പ്ലാച്ചേരി തെക്കതിൽ, തിരുവല്ല.
3. രാജേന്ദ്രൻ പിള്ള, കുളത്തിന്റെ മേലതിൽ, പൂവച്ചേരി പി.ഒ., മുതിപ്പിലാക്കാട്.
4. എ.എൽ. സതിയമ്മാൾ, പണവൽതറ, റാന്നി.
5. എസ്. സിന്ധു, ചരിവുകാലയിൽ, എരുമക്കാട്.
6. രാധാമണി.കെ.എ., കോട്ടപ്പുറത്ത് ഹൗസ്, വെള്ളപ്പാറ, കോന്നി.
7. ഉഷ.വി.ജി., വൈക്കത്ത് ഹൗസ്, കേഴുവൈപ്പൂർ.
8. മീരാഭായി, കവണ്ടിക്കര, കൊടുംത്തറ, പത്തനംതിട്ട.
9. ഉഷാ.പി., ശശിഭവനം, ഓമല്ലൂർ പി.ഒ.
10. സുചി.ആർ, മോഹനഭവനം, പറയംകുളം പി.ഒ., നൂറനാട്.
11. ശിവപ്രസാദ്.റ്റി.വി., ഉന്നുവായിൽ വടക്കതിൽ, കോന്നി.
12. ബിജു.പി, കൃഷ്ണാലയം, നരിയപുരം.
13. പ്രസാദ്, പ്രസാദ് നിലയം, കോന്നി.
14. റ്റി.വി. പ്രദാവ്, പാറയ്ക്കൽ പുത്തൻവീട്, കുമ്പഴ പി.ഒ.
15. ആർ. ബേബി, ശ്രീശയലം, നൂറനാട്.പി.ഒ.
16. രമാ.സി., ചക്കുവളളിൽ, നൂറനാട്.പി.ഒ.
17. സുരേഷ്.എം.കെ., മണ്ണിൽ പുത്തൻവീട്, കോന്നി.
18. പ്രിയ, പ്രിയ ശ്രീനിലയം, എലന്തൂർ പി.ഒ.
19. സുജാത, നെല്ലുവേലിൽ, കുമ്പഴ പി.ഒ.
20. രമാദേവി, നെല്ലുവിളയിൽ, കുമ്പഴ പി.ഒ.
21. രമണി, നെല്ലുവേലിൽ, കുമ്പഴ പി.ഒ.
22. കമലം, തളപ്പമണ്ണിൽ, പുത്തൻപീടിക, ഓമല്ലൂർ പി.ഒ.

LIBRARY ARCHIVES Kerala Legislative Assembly